## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. T 2752 12.02.2019 -ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ

**ചോദ്യം**
ശ്രീ. എൻ .എ.നെല്ലിക്കുന്ന്

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്ന എത്ര പേർ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ കണക്ക് ജില്ല തിരിച്ച് അനുബന്ധമായി കൊടുക്കുന്നു. |
| (ബി) | രജിസ്റ്റർ ചെയ്ത് ഇവർ എത്രകാലമായി കാത്തിരിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന ഒഴിവുകളിൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ഓരോ ഒഴിവിനും നിശ്ചയിക്കപ്പെട്ടിട്ടുള്ള യോഗ്യത, പ്രായപരിധി എന്നിവയ്ക്കനുസരിച്ച് ഓരോ വിഭാഗത്തിനും വ്യത്യസ്തമായിരിക്കും. ആകയാൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ എത്ര കാലമായി കാത്തിരിക്കുന്നു എന്ന് വ്യക്തമാക്കാൻ കഴിയില്ല. |
| (സി) | ഇവരിൽ ഏതെല്ലാം വിഷയത്തിൽപ്പെട്ട ബിരുദധാരികളും മറ്റു യോഗ്യതയുള്ള വരുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | വിഷയം തിരിച്ച് ബിരുദധാരികളുടെ കണക്ക് ലഭ്യമല്ല. നിലവിലെ കണക്ക് (30.11.2018) പ്രകാരം 3,24,131 (മൂന്ന് ലക്ഷത്തി ഇരുപത്തിനാലായിരത്തി ഒരുനൂറ്റിമുപ്പത്തി ഒന്ന്) ബിരുദധാരികളും, പ്രൊഫഷണൽ ബിരുദ യോഗ്യതയുള്ള 1,36,519 (ഒരു ലക്ഷത്തി മുപ്പത്തിയാറായിരത്തി അഞ്ഞൂറ്റി പത്തൊൻപത് ) പേരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇവരിൽ ഭിന്നശേഷിക്കാരായ എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | നിലവിൽ (30.11.2018) 72,223 ഭിന്നശേഷിക്കാർ ഉണ്ട് |
| (ഇ) | ഇവരിൽ എത്രപേർക്ക് എപ്പോൾ തൊഴിൽ നൽകുമെന്ന് വ്യക്തമാക്കാമോ? | (ഇ) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് എപ്പോൾ തൊഴിൽ നൽകുമെന്ന് വ്യക്തമാക്കുവാൻ നിർവ്വാഹമില്ല. ഉദ്യോഗദായകർ ഒഴിവുകൾ അറിയിക്കുന്നതനുസരിച്ചും ജോബ് ഫെസ്റ്റുകളിലൂടെയും എംപ്ലോയബിലിറ്റി സെന്റർ മുഖാന്തിരവും ആണ് ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം നല്കാൻ സാധിക്കുന്നത്. ഉദ്യോഗദായകർ ഒഴിവുകൾ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് ചെയ്യുമ്പോൾ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി, സംവരണം, വിദ്യാഭ്യാസ യോഗ്യത, വയസ്സ് എന്നിങ്ങനെ നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നാമനിർദ്ദേശം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| തിരുവനന്തപുരം | 5,18,329 |
| കൊല്ലം | 3,59,833 |
| ആലപ്പുഴ | 2,88,968 |
| പത്തനംതിട്ട | 1,22,177 |
| കോട്ടയം | 2,18,505 |
| ഇടുക്കി | 1,05,439 |
| എറണാകുളം | 3,39,892 |
| തൃശ്ശൂർ | 2,67,479 |
| പാലക്കാട് | 2,42,395 |
| മലപ്പുറം | 2,66,981 |
| കോഴിക്കോട് | 3,55,797 |
| വയനാട് | 90,206 |
| കണ്ണൂർ | 2,00,125 |
| കാസർകോട് | 89,151 |
| ആകെ | 34,65,277 (മുപ്പത്തി നാല് ലക്ഷത്തി അറുപത്തയ്യായിരത്തി ഇരുന്നൂറ്റി എഴുപത്തിഏഴ്) |

സെക്ഷൻ ഓഫീസർ